"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - മട്ടന്നൂർ നഗരസഭ - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022 -23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.37 പ്രകാരം തടസ്സപ്പെടുത്തിയ 4,69,300/- (നാല് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി മുന്നൂറ്) രൂപയുടെ ചെലവ് - സാധൂകരണം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.62/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.05.2025ലെ LSGD/PD/37818/2024-AM3 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.09.2025ലെ No.DKSA 1807/2025/ ML2 നമ്പർ കത്ത്.
3. 28.05.2022 ലെ സ. ഉ (എം.എസ്) നം.115/2022/ LSGD

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിൽ മെമ്പർ സെക്രട്ടറി/ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം (പ്രോജക്ട് നമ്പർ: 47/23) നടപ്പാക്കിയിരുന്നു. എന്നാൽ പദ്ധതി നിർവ്വഹണം സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 4,69,300/- രൂപയുടെ അധിക ചെലവ് മട്ടന്നൂർ നഗരസഭയുടെ 2022- 23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.37 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് നിരാകരിച്ചിരുന്നു.

2. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യാനുള്ള മട്ടന്നൂർ നഗരസഭ കൗൺസിലിന്റെ 24.02.2025-ലെ 4-ാം നമ്പർ തീരുമാനം അനുകൂല ശുപാർശയോടെ പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. മട്ടന്നൂർ നഗരസഭയുടെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെമ്പർ സെക്രട്ടറി/ പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം" എന്ന പ്രോജക്ടിൽ ₹6,00,000/- ( ആറു ലക്ഷം രൂപ) വകയിരുത്തിയിരുന്നുവെന്നും, പദ്ധതി മാർഗ്ഗരേഖ, സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ചുള്ള പരാമർശ സർക്കാർ ഉത്തരവിലെ 7-2-6 പ്രകാരം ഒരു പട്ടികജാതി വിദ്യാർത്ഥിക്ക് 5000/- രൂപയുടെ ഫർണിച്ചർ വിതരണം ചെയ്യുന്നതിന് വിരുദ്ധമായി പ്രസ്തുത പ്രോജക്ട് പ്രകാരം ഒരു മേശയ്ക്കും കസേരയ്ക്കും 23050/- രൂപ നിരക്കിൽ ആകെ അനുവദനീയമായ തുകയേക്കാൾ 4,69,300/- രൂപ കൂടുതൽ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതെന്നും, എന്നാൽ പദ്ധതി സദുദ്ദേശത്തോടെയാണ് നടപ്പിലാക്കിയതെന്നും,

നല്ല ഗുണമേന്മയുള്ള സാധനങ്ങളാണ് വാങ്ങിയതെന്നും ബോധപൂർവ്വം അല്ലാതെയും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അറിയാതെയും സംഭവിച്ച പോയതാണെന്നും, പട്ടികജാതി വിഭാഗത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിഭാവനം ചെയ്ത പ്രോജക്ട് നിർവ്വഹണത്തിൽ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന തുകയേക്കാൾ കൂടുതൽ നൽകിയത് ശരിയായ നടപടിയല്ലെങ്കിലും തീർത്തും സദുദ്ദേശപരമായാണ് ഫർണിച്ചർ വാങ്ങി നൽകിയിട്ടുള്ളത് എന്ന് മട്ടന്നൂർ നഗരസഭ കൗൺസിൽ വിലയിരുത്തിയിരുന്നിട്ടുണ്ടെന്നും, അനുവദിച്ചതിലും അധികം തുക നൽകിയതാണെങ്കിലും ടെണ്ടർ മാനദണ്ഡങ്ങൾ പാലിച്ച വാങ്ങി നൽകിയത് ഗുണമേന്മയുള്ള ഫർണിച്ചർ ആയതിനാൽ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ഭാവിയിലും ആയത് ഉപയോഗപ്രദമാണെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

3. ഈ പദ്ധതി ചെലവിന് സാധൂകരണം നൽകണമെന്ന 24.02.2025 തീയതിയിലെ നഗരസഭാ കൗൺസിലിന്റെ 4-ാം നമ്പർ തീരുമാനത്തിന് 27.02.2025 ലെ 1-ാം നമ്പർ യോഗ തീരുമാനവുമായി കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി അനുകൂല ശിപാർശ നൽകിയിട്ടുണ്ടെന്നും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമാണെങ്കിലും തികച്ചും സദുദ്ദേശപരമായി ഭാവിയിലേക്കും പ്രയോജനപ്രദം ആകുന്ന വിധത്തിൽ ഗുണമേന്മയുള്ള ഫർണിച്ചറുകൾ പട്ടികജാതി വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയതിനാലും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചത് ശരിയായ നടപടി അല്ലെങ്കിലും, ആയത് മനഃപൂർവ്വമല്ലെന്നും, സദുദ്ദേശത്തോടെ ടെണ്ടർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഗുണമേന്മയുള്ള ഫർണിച്ചർ വാങ്ങിയത് ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ഭാവിയിലും ഉപയോഗപ്രദമാണെന്ന് മട്ടന്നൂർ നഗരസഭാ കൗൺസിലിന് ബോധ്യപ്പെട്ടതിനാലും, ഭാവിയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കണമെന്ന കർശന നിർദ്ദേശത്തോടെ മട്ടന്നൂർ നഗരസഭയുടെ 2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.37 ന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

5. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെൻഡർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തികച്ചും സദുദ്ദേശപരമായി, ഗുണമേന്മയുള്ള ഫർണിച്ചർ ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് ഭാവിയിലും പ്രയോജനപ്രദമാകുന്ന വിധത്തിൽ പദ്ധതി നിർവ്വഹണം വിഭാവനം ചെയ്തതിനാലും മട്ടന്നൂർ നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.37 പ്രകാരം നിരാകരിച്ച 4,69,300/- (നാല് ലക്ഷത്തി അറുപത്തൊൻപതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയുടെ അധിക ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LIZY SUSAN JOHN

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
സെക്രട്ടറി, മട്ടന്നൂർ നഗരസഭ, കണ്ണൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ്& ന്യൂ മീഡിയ വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-AB1/28/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 08-01-2026 14:45:55

സെക്ഷൻ ഓഫീസർ